(സി) ഇപ്പോൾ നിർമ്മിച്ചുവരുന്ന സ്പോർട്ട്സ് കോംപ്ലക്സിൽ താഴെ പറയുന്ന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നുണ്ട്;

1. *ആറ്റിങ്ങൽ സ്പോർട്ട്സ് കോംപ്ലക്സ്* :

8 ലൈൻ റണ്ണിംഗ് ട്രാക്ക്, ഇൻഡോർ സ്റ്റേഡിയം, ഹോസ്റ്റൽ ഫുട്ബോൾ ഗ്രൗണ്ട്, ഡ്രെയിനേജ് ഫെസിലിറ്റീസ്, മിനി ഗ്യാലറി, കോമ്പൗണ്ട് വാളും ഗേറ്റും, വാച്ചുമെൻ ക്യാബിൻ, വോളിബോൾ കോർട്ട്, ബാസ്ക്കറ്റ് ബോൾ കോർട്ട്, ഓഫീസ് കെട്ടിടങ്ങൾ.

2. *കണ്ണൂർ കായിക സമുച്ചയം* :

8 ലൈൻ 400 മീറ്റർ റണ്ണിംഗ് ട്രാക്ക്, 2 ഇൻഡോർ ഹൗസ്, സ്വിമ്മിംഗ് പൂളും, ഡ്രൈവിംഗ് പൂളും, മൾട്ടി ജിം ഹാൾ, സ്പോർട്ട്സ് ഹോസ്റ്റൽ, ഓഫീസേഴ്സ് ക്വാർട്ടേഴ്സ്, ഹോക്കി ഗ്രൗണ്ട്, ഫുട്ബോൾ ഗ്രൗണ്ട്, ബാസ്ക്കറ്റ് ബോൾ കോർട്ട്, വോളിബോൾ കോർട്ട്, ഖൊ-ഖൊ കബടി കോർട്ട്, സ്പോർട്ട്സ് മെഡിസിൻ സെന്റർ, നാട്ടിൽ പ്രചാരമുള്ള ഏതെങ്കിലും കായിക ഇനത്തിലുള്ള ഗ്രൗണ്ട്.

ഗൾഫ് രാജ്യങ്ങളിലേക്കുള്ള വ്യാജ റിക്രൂട്ട്മെന്റിനെതിരെ നടപടി

9 [*120] ശ്രീ. സാജു പോൾ:
,, എ. സി. മൊയ്തീൻ:
,, മഞ്ഞളാംകുഴി അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭാരിച്ച ശമ്പളവും മറ്റാനുകൂല്യങ്ങളും വാഗ്ദാനം ചെയ്ത് അനധികൃത റിക്രൂട്ട്മെന്റ് ഏജൻസികളും ട്രാവൽ ഏജൻസികളും ഗൾഫ് രാജ്യങ്ങളിലേക്ക് ആളുകളെ റിക്രൂട്ട് ചെയ്യുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇത്തരം ഏജൻസികൾക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇതിനായി പ്രത്യേക സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ;

(സി) എങ്കിൽ വിശദവിവരം വെളിപ്പെടുത്തുമോ;

(ഡി) നിലവിലുള്ള എമിഗ്രേഷൻ നിയമത്തിലെ അപാകതകൾ നീക്കുന്നതിനും വ്യാജ റിക്രൂട്ടുമെന്റുകൾ തടയുന്നതിനും സർക്കാർ നിയോഗിച്ച ജസ്റ്റീസ് സുകുമാരൻ കമ്മിറ്റിയുടെ ശുപാർശകൾ സർക്കാരിന് ലഭിച്ചിട്ടുണ്ടോ;

(ഇ) എങ്കിൽ അതിൻമേൽ എന്ത് നടപടി സ്വീകരിച്ചു എന്ന് വിശദമാക്കാമോ?

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻചാണ്ടി):

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) നടപടി സ്വീകരിച്ചിട്ടുണ്ട്. ഇതിന് പ്രത്യേക സംവിധാനവും ഏർപ്പെടുത്തിയിട്ടുണ്ട്.

(സി) റിക്രൂട്ടിംഗ് ഏജൻസികളെ സംബന്ധിച്ച് പരാതി ലഭിക്കുന്ന മുറയ്ക്ക് നടപടി എടുക്കാറുണ്ട്. ലൈസൻസുള്ള ഏജൻസികളുടെ ലൈസൻസ് റദ്ദ് ചെയ്യുന്നതിന് ശുപാർശ ചെയ്യുന്നുണ്ട്. ലൈസൻസ് ഇല്ലാത്തവർക്കെതിരെ പോലീസ് വകുപ്പ്

LIBRARY ARCHIVES Kerala Legislative Assembly

മുഖാന്തിരം കേസ്സെടുക്കുന്നതിനും നടപടി കൈക്കൊള്ളാറുണ്ട്. വ്യാപകമായ വിസാ തട്ടിപ്പ് ശ്രദ്ധയിൽപ്പെട്ടാൽ പത്ര വാർത്ത നൽകാറുണ്ട്. കേരളത്തിലെ അംഗീകൃത ഏജൻസികളുടെ ലിസ്റ്റ് തിരുവനന്തപുരത്തെയും എറണാകുളത്തെയും പ്രൊട്ടക്ടർ ഓഫ് എമിഗ്രൻസിന്റെ ഓഫീസിൽ ലഭ്യമാണ്.

(ഡി) ഉണ്ട്.

(ഇ) നിലവിലുള്ള എമിഗ്രേഷൻ നിയമത്തിലെ അപാകതകൾ നീക്കുന്നതിനും വ്യാജ റിക്രൂട്ടുമെന്റുകൾ തടയുന്നതിനും സർക്കാർ നിയോഗിച്ച ജസ്റ്റീസ് സുകുമാരൻ കമ്മിറ്റിയുടെ ശുപാർശകൾ കേരള സർക്കാരിന്റെ നിർദ്ദേശങ്ങൾ ഉൾപ്പെടെ കേന്ദ്ര സർക്കാരിന്റെ പരിഗണനയ്ക്ക് അയച്ചുകൊടുത്തിട്ടുണ്ട്. ഇക്കാര്യത്തിൽ നടപടി എടുക്കേണ്ടത് കേന്ദ്ര സർക്കാരാണ്.

വിദേശത്ത് ജോലിക്കുവേണ്ടി പോകുന്നവർക്ക് പരിശീലനം

10 [*121] പ്രൊഫ. കെ. വി. തോമസ്:
ശ്രീ. ഇ. എം. അഗസ്തി:
,, കെ. എ. ചന്ദ്രൻ:
,, എ. കെ. മണി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദേശത്ത് ജോലിക്ക് വേണ്ടി പോകുന്നവർക്ക് പരിശീലനം കൊടുക്കുവാൻ ഉദ്ദേശമുണ്ടോ;

(ബി) എങ്കിൽ ഏതെല്ലാം ഗണത്തിൽപ്പെടുന്നവർക്കാണ് പരിശീലനം നൽകുന്നത്;

(സി) ഏത് വിധത്തിലുള്ള പരിശീലനമാണ് നൽകുന്നത് എന്നും പരിശീലനത്തിന്റെ കാലദൈർഘ്യം എത്രയാണ് എന്നും വ്യക്തമാക്കുമോ?

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻചാണ്ടി):

(എ—സി) വിദേശത്ത് ജോലി തേടി പോകുന്നവർക്കായി ഒരു തൊഴിൽ പരിശീലനകേന്ദ്രം കൊച്ചിയിൽ ആരംഭിക്കുകയുണ്ടായി. നോർക്കയും എസ്. സി. എം.എസ്. ഇൻസ്റ്റിറ്റ്യൂട്ടും ചേർന്ന് സംയുക്ത സംരംഭമായിട്ടാണ് നോർക്ക എസ്. സി. എം. എസ്. ഇൻസ്റ്റിറ്റ്യൂട്ട് ഫോർ പാരാ മെഡിക്കൽ ആന്റ് ഡെവലപ്മെന്റ് സ്റ്റഡീസ് എന്ന സ്ഥാപനം തുടങ്ങിയത്. 2005-ൽ അന്നത്തെ പ്രവാസികാര്യ മന്ത്രി ശ്രീ. ജഗദീഷ് ടൈറ്റ്ലർ ഉദ്ഘാടനം ചെയ്തു. ഇവിടെ പ്രധാനമായും രണ്ട് ട്രെയിനിംഗ് പ്രോഗ്രാമുകളാണ് നടത്തുന്നത്.

(1) സി.ജി. എഫ്. എൻ. എസ്. ട്രെയിനിംങ്ങ് പ്രോഗ്രാം: ഈ പ്രോഗ്രാമനുസരിച്ച് ഗ്രാജുവേറ്റ് നഴ്സുമാർക്ക് അമേരിക്കയിലെ സി. ജി. എഫ്. എൻ. എസ്., എൻ. സി. എൽ. ഇ. എക്സ്. (NCLEX) എന്നീ കോഴ്സുകൾക്ക് നടത്തുന്ന പരീക്ഷകൾക്ക് പരിശീലനം നൽകുക, ടി. ഒ. ഇ. എഫ്. എൽ. (TOEFL), ഐ. ഇ. എൽ. ടി. ഇ. എസ്. (IELTS) എന്നീ കോഴ്സുകൾക്ക് ട്രെയിനിംഗ് നൽകുക എന്നിവയാണ് സി. ജി. എഫ്. എൻ. എസ്. ട്രെയിനിംഗ് പ്രോഗ്രാം കൊണ്ടുദ്ദേശിക്കുന്നത്. ഇതിന്റെ കാലദൈർഘ്യം ഒരു മാസം മുതൽ മൂന്ന് മാസം വരെയാണ്.

LIBRARY ARCHIVES Kerala Legislative Assembly